**In the blessed name of the Tri-une God, Self-existent, Beginningless and Endless, Perfect in Being, (Glory be to Him) Moran Mar Baselios Marthoma Mathews III Catholicos of the East and Malankara Metropolitan enthroned on the Apostolic Throne of St. Thomas**

**No. 58/2023**

Blessings to our beloved Vicars of the churches, Priests of the locality, *Kaisthanees* and faithful of all the Parishes!

Dearly beloved,

The position and eminence of the priests in our Church are unique. In fact priests are the arteries in the body of Christ. The success of the mission of the Church is largely dependant on the life and works of God-fearing, persevering, self-controlled and dedicated priests. We do appreciate the attempts made by our Vaideeka Sanghom to ensure the welfare of the priests to communicate with them and for their spiritual enhancement. The global meet of the priests, which was hindered by the covid pandemic will be held at Parumala Seminary on 23, 24, 25 May 2023. The theme of the conference is "Ambassadors of Christ: Ministers of Reconciliation and Righteousness". We pray to the Almighty to make this conference a platform to contemplate on the contemporary challenges encountered by the priests in their parish ministry and to form new style of functioning. Undoubtedly, this get together during the 10 days of special devotion to the Holy Spirit will enable us to regain the lost glory of the Church by the renewal of the Holy Spirit.

We shall participate in the conference from the beginning to the end along with our brother Metropolitans. We remind you to attend this conference without fail at your parish expense. The details of the conference shall be informed by H. G. Dr. Mathews Mar Thimothios, the President and Fr. Dr. Ninan V. George, General Secretary of Vaideeka Sangom.

May the Grace and Blessings of the God Almighty abide with you forever. And may the prayers of the Mother of our God, the Holy Virgin Mary, St. Thomas the Apostle of India, our Holy Fathers Yeldo Mar Baselios, Mar Gregorios, Mar Dionysius and all the Holy Saints be a stronghold for us. Amen.

Our Father who art in Heaven.........................

**Baselios Marthoma Mathews III**

From Catholicate Aramana
Devalokam, Kottayam, Kerala, India
On February 24, 2023

No. 58/2023

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

നമ്മുടെ സഭയിൽ വൈദികർക്കുള്ള സ്ഥാനവും, മഹത്വവും അതുല്യമാണ്. പുരോഹിതന്മാർ സഭാഗാത്രത്തിന്റെ രക്തധമിനികളാണ്. ദൈവാശ്രയമുള്ളവരും, കർമ്മനിരതരും, ആത്മനിയന്ത്രണമുള്ളവരും, അർപ്പണബോധമുള്ളവരുമായ വൈദികരെ ആശ്രയിച്ചാണ് സഭയുടെ ദൗത്യം വിജയകരമാകുന്നത്. നമ്മുടെ സഭയിലെ വൈദികരുടെ ക്ഷേമവും, ഐശ്വര്യവും ഉറപ്പു വരുത്തന്നതിനും, ആശയവിനിമയം നടത്തുന്നതിനും, ആത്മീയ വർദ്ധനവിനുമായി വൈദിക സംഘം നടത്തിവരുന്ന പ്രവർത്തനങ്ങളെ നാം ശ്ലാഘിക്കുന്നു. കോവിഡ് മഹാമാരിയെ തുടർന്ന് മുടങ്ങിയ ഗ്ലോബൽ മീറ്റ് ഈ വർഷം 2023 മെയ് 23, 24, 25 തീയതികളിൽ പരുമല സെമിനാരിയിൽവച്ച് നടക്കുകയാണല്ലോ. "ക്രിസ്തുവിന്റെ സ്ഥാനാപതികൾ: നിരപ്പിന്റെയും നീതിയുടെയും ശുശ്രൂഷകന്മാർ" (Ambassadors of Christ: Ministers of Reconciliation and Righteousness) എന്നതാണ് മുഖ്യ ചിന്താവിഷയം.

സഭാ ശുശ്രൂഷയിൽ വൈദീകർ നേരിടുന്ന സമകാലീന വെല്ലുവിളികളെക്കുറിച്ച് കൂട്ടായി ചിന്തിക്കുവാനും നൂതന പ്രവർത്തനശൈലികൾ രൂപപ്പെടുത്തുവാനുമായി പ്രസ്തുത സമ്മേളനം ഉപകരിക്കട്ടെ എന്ന് നാം പ്രാർത്ഥിക്കുന്നു. പരിശുദ്ധ സഭയുടെ കാത്തിരിപ്പിന്റെ ഈ നാളുകളിലെ കൂടിവരവ് പരിശുദ്ധാത്മാവിന്റെ അഭിഷേകത്താൽ സഭയുടെ നഷ്ട ചൈതന്യം വീണ്ടെടുക്കുവാൻ സംഗതിയാക്കും എന്നതിൽ സംശയമില്ല.

ഈ ഗ്ലോബൽ മീറ്റിൽ ആദിയോടന്തം നാമും നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരോടൊപ്പം സംബന്ധിക്കുന്നതാണ്. പ്രിയൻ നിർബന്ധമായും പള്ളിച്ചെലവിൽ വന്ന്, ആദിയോടന്തം ഈ കോൺഫറൻസിൽ സംബന്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. സമ്മേളനത്തിന്റെ വിശദവിവരങ്ങൾ വൈദിക സംഘം പ്രസിഡണ്ട് അഭി. ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായും ജനറൽ സെക്രട്ടറി ഫാ. ഡോ. നൈനാൻ വി. ജോർജ്ജും നിങ്ങളെ അറിയിക്കുന്നതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..............

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2023 ഫെബ്രുവരി മാസം 24 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും.